പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *538 — 20.11.2019-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ. ബാബു
ശ്രീ.ജെയിംസ് മാത്യു
ശ്രീ.ഒ. ആർ. കേളു
ശ്രീ.ഐ.ബി. സതീഷ്

**മറുപടി**

എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഊരുവികസനം ലക്ഷ്യമിട്ടുള്ള അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം എത്ര ഊരുകളിലാണ് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നത്; ഈ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | എ) | അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 101 കോളനികളെ തെരഞ്ഞെടുത്തിരുന്നു. അവയിൽ 4 കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ ടി കോളനികളെ ഒഴിവാക്കി ശേഷിക്കുന്ന 97 കോളനികളിൽ 84 കോളനികളുടെ വികസന പ്രവർത്തനങ്ങൾക്കായി മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. ഇവയിൽ, 59 കോളനികളുടെ പ്രവർത്തികൾ ആരംഭിക്കുകയും 2 കോളനികളുടെ പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരമുള്ള പ്രവർത്തികളുടെ കോളനി തിരിച്ചുള്ള പുരോഗതി അനുബന്ധം ആയി ചേർക്കുന്നു. |
| ബി) | ഭക്ഷ്യോല്പാദനത്തിൽ സ്വാശ്രയത്വം കൈവരിക്കാൻ സഹായിക്കുന്നതിനായി സ്വന്തമായി ഭൂമി ഉള്ളവർക്കും ഇല്ലാത്തവർക്കും കൃഷി സാധ്യമാക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; | ബി) | പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. ആയതിനു പുറമേ സംസ്ഥാനത്തുള്ള ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് വനാവകാശ നിയമ പ്രകാരം കൈവശ രേഖ, ഭൂമി വാങ്ങി നൽകൽ, നിക്ഷിപ്ത വന ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി ലഭ്യമാക്കുന്നതിലൂടെ അവരുടെ ഭൂഉടമസ്ഥത വർദ്ധിപ്പിച്ച് പട്ടിക വർഗ്ഗക്കാരുടെ മുഴുവൻ കൈവശ ഭൂമിയിലും കൃഷി പ്രോത്സാഹിപ്പിച്ച് ജീവനോപാധി പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ച് വകുപ്പ് 2019-20 ൽ 'വരുമാന ദായക കാർഷിക ഉദ്യമം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രികൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നു വരുന്നു. പട്ടികവർഗ്ഗക്കാർ |

| | | | |
|---|---|---|---|
| | | | കൂടുതൽ തൊഴിലെടുക്കുന്ന ഫാമുകളുടെ നവീകരണം ടി പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു.<br><br>അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷയും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. 6.87 കോടി രൂപ ചെലവഴിച്ച് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ആദ്യ ഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 70 ഊരുകളിലായി 760 ഹെക്ടർ കൃഷി ഇറക്കി രണ്ടാം വിളവ് നടപ്പിലാക്കി വരുന്നു. ചെറുധാന്യങ്ങൾ വിവിധ ഊരുകളിൽ നിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | പരമ്പരാഗത തൊഴിൽ മേഖലക്കുപരിയായി ആധുനിക തൊഴിൽ രംഗത്ത് പട്ടികഗോത്ര വർഗ്ഗക്കാരെ പ്രാപ്തരാക്കിത്തീർക്കുന്നതിനും പി.എസ്.സി, ബാങ്ക് തുടങ്ങി വിവിധ മത്സര പരീക്ഷയിൽ വിജയം കൈവരിക്കുന്നതിന് പരിശീലന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ; | സി) | പരമ്പരാഗത തൊഴിൽ മേഖലക്കുപരിയായി ആധുനിക തൊഴിൽ രംഗത്ത് പട്ടിക ഗോത്ര വർഗ്ഗക്കാരെ പ്രാപ്തരാക്കിത്തീർക്കുന്നതിനും പി.എസ്.സി. , ബാങ്ക് തുടങ്ങി വിവിധ മത്സര പരീക്ഷയിൽ വിജയം കൈവരിക്കുന്നതിന് പരിശീലനം നൽകുന്നതിനുമായി പട്ടിക വർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ</u><br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/ സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പ് വരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1725 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഇറാം ടെക്നോളജീസ് എന്ന സ്വകാര്യ സ്ഥാപനം മുഖേന ടിഗ്ഗ് & ആർക്ക് വെൽഡിംഗ് കോഴ്സ് കഴിഞ്ഞ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ 8 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് നേടുവാൻ കഴിഞ്ഞു. |

ഇതിന്റെ യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുകയുണ്ടായി.

<u>കരിയർ ഗൈഡൻസ് ജോബ് ഫെയർ</u>

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200 - ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

<u>അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:</u>

2018-19 -ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണത്തിനായി അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

<u>ഗോത്രജീവിക</u>

2016-17 വർഷം ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനവും പ്രവർത്തന മൂലധനവും നൽകി 53 സ്വയം സഹായ സംഘങ്ങങ്ങൾ രൂപീകരിക്കുകയും പട്ടികവർഗ്ഗ മേഖലകളിലേതുൾപ്പെടെയുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

<u>സെന്റർ ഓഫ് സ്കിൽ എക്സലൻസ്:</u>

2017-18 - ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലനം സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന

ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ലക്ഷ്യം വയ്ക്കുന്നു. ഇതിന്റെ ആദ്യബാച്ചിൽ 70 കുട്ടികൾ പരിശീലനം പൂർത്തിയാക്കി വരുന്നു.

<u>സർക്കാർ മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ</u>

പട്ടികവർഗ്ഗകുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പ്, തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, വനം-വന്യജീവി വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ് മുതലായ വകുപ്പുകളുമായി ചർച്ചനടത്തുകയും സർക്കാർ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റയിൽവെ റിക്രൂട്ട്മെൻറ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിൽ രഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിന് തൊഴിൽ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീ-യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയതിനു പുറമെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2745 പട്ടിക വർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകിയിട്ടുണ്ട്. കൂടാതെ വനം വകുപ്പിൽ 500 പട്ടികവർഗ്ഗക്കാരെ ട്രൈബൽ വാച്ച്മാൻമാരായി നിയമിക്കുന്നതിന് വനം വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കുകയും ഗവ.ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക

| | | | |
|---|---|---|---|
| | | | പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.<br><br>നൈപുണ്യ വികസനത്തിനും പരമ്പരാഗതതൊഴിൽ പ്രോത്സാഹനത്തിനുമാണ് പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായും ഊന്നൽ നൽകുന്നത് സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് വരുന്നു. |
| ഡി) | സാമൂഹ്യ പഠനമുറി നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇവ ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | ഡി) | പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 2017-18 സാമ്പത്തികവർഷം ഊരുകൾ കേന്ദ്രീകരിച്ച് 100 സാമൂഹ്യ പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന 150 സാമൂഹ്യ പഠനമുറികളിൽ 54 സാമൂഹ്യ പഠനമുറികൾ നടപ്പ് സാമ്പത്തികവർഷം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ 23 സാമൂഹ്യ പഠനമുറികളുടെ നിർമ്മാണ പ്രവർത്തി നടന്നുവരുന്നു.<br><br>സാമൂഹ്യ പഠനമുറികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ബന്ധപ്പെട്ട പ്രോജക്ടാഫീസർ/ പട്ടികവർഗ വികസന ആഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുമായുള്ള അവലോകനയോഗങ്ങളിൽ സാമൂഹ്യ പഠനമുറിയുടെ പ്രവർത്തനം പ്രത്യേക അജണ്ടയായി വിലയിരുത്തി വരുന്നു. സാമൂഹ്യ പഠനമുറി പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെട്ടതായി സ്കൂൾ അധികൃതരിൽ നിന്നും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുവാനും ടി പദ്ധതി സഹായകമായിട്ടുണ്ട്. സാമൂഹ്യ പഠനമുറികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ടി.ഇ.ഒ-മാരുടെ യോഗം വിളിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ ഡയറക്ടറേറ്റ് തലത്തിൽ നൽകുകയും ചെയ്യുന്നുണ്ട്. പട്ടികവർഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യ പഠനമുറികളിൽ പട്ടികവർഗ വിഭാഗത്തിൽ നിന്നുമുള്ള അഭ്യസ്തവിദ്യരായ തിരഞ്ഞെടുക്കപ്പെട്ട യുവതീ യുവാക്കളെ പരിശീലനം നൽകി വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിനായി നിയമിച്ചിട്ടുള്ളതിനാൽ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ യഥാർത്ഥ അവസ്ഥ മനസിലാക്കി അവർക്കാവശ്യമായ മാർഗനിർദ്ദേശം നൽകുന്നതിന് സഹായകമാകുന്നുണ്ട്. |
| ഇ) | പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരെ ഉൾച്ചേർക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | ഇ) | പട്ടികവർഗ്ഗ വിഭാഗത്തിൽ തന്നെ സാമുദായികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരവുമായെല്ലാം തന്നെ ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പ്രാക്തന ഗോത്രവിഭാഗക്കാർ. ടി വിഭാഗക്കാരുടെ പ്രധാന വരുമാന മാർഗ്ഗം വനവിഭവ ശേഖരണത്തിലൂടെയും കൂലിപണിയിലൂടെയുമാണ്. അമിത മദ്യപാനാസക്തിയും, ലഹരി വസ്തുക്കളുടെ ഉപയോഗവും, വിദ്യാഭ്യാസത്തോടുള്ള വിമുഖതയും, ടി വിഭാഗത്തിന്റെ ഉന്നമനത്തിന് പലപ്പോഴും വിലങ്ങുതടിയാകാറുണ്ട്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പ് തലത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വകുപ്പ് വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാരെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിവരുന്നുണ്ട്. ഇത് കൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യം വച്ച് അടിയൻ-പണിയൻ, പ്രാക്തന ഗോത്രവർഗ്ഗക്കാർ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിനായി രണ്ട് ജോഡി യൂണിഫോം, ചെരുപ്പ്, ബാഗ്, കുട മുതലായ പഠനോപകരണങ്ങളും സൗജന്യമായി നൽകി വരുന്നു. സ്കൂളിൽ എത്താത്ത കുട്ടികളെ കോളനികളിൽ പ്രമോട്ടർമാരും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ട് എത്തി സ്കൂളിൽ എത്തിക്കാറുണ്ട്. കൂടാതെ ഈ വിഭാഗത്തിന്റെ സാമൂഹിക ഉന്നമനത്തിനായി സ്വയം തൊഴിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആട്, കറവപശു എന്നിവ വിതരണം നടത്തി വരുന്നു. കാർഷിക വൃത്തികളിൽ പുരോഗതി കൈവരിക്കുന്നതിന് ധനസഹായവും അനുവദിച്ചുവരുന്നു.<br><br>മദ്യപാനം, ലഹരി ഉപയോഗം ഇവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉൾവനങ്ങളിൽ താമസിക്കുന്നവർ പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളും, റോഡ്, വാഹനം തുടങ്ങിയവയുടെ അഭാവം, വന്യമൃഗശല്യം എന്നീ പ്രശ്നങ്ങളും പൊതുവായി നേരിടേണ്ടി വരുന്നു. ആയത് പരിഗണിച്ച് ടി വിഭാഗങ്ങൾക്ക് ഗതാഗത സൗകര്യം, വന്യമൃഗ ജീവികളിൽ നിന്നും സുരക്ഷ എന്നിവ |

ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും ടി.ആർ.ഡി.എം മുഖേനയും പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉൾക്കാടുകളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കുംവേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി പ്രോജക്ടിനായി (2011-2016) 133.20 കോടി രൂപ കേന്ദ്ര ധനസഹായവും, 7.83 കോടി രൂപ സംസ്ഥാന സഹായവും ഉൾപ്പെടെ ആകെ 141.03 കോടി രൂപ ലഭിച്ചിരുന്നു. കൂടാതെ ടി വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിന്റെ 100 ശതമാനം ധനസഹായത്തിൽ ഉൾപ്പെടുത്തി പി.വി.ടി.ജി പ്രോജക്ടിന്റെ ഭാഗമായി നടപ്പിൽ വരുത്തിയ സി.സി.ഡി (കൺസർവേഷൻ കം ഡെവലപ്മെന്റ്) പദ്ധതിക്കായി 12.10 കോടി രൂപയും ലഭിച്ചിരുന്നു.പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതിയെന്ന നിലയിൽ ഭവനനിർമ്മാണം, ഭക്ഷ്യസുരക്ഷ, റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ് ജല സംരക്ഷണം, കോളനികളുടെ വൈദ്യുതീകരണം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അംഗൻവാടികൾ, പെരിപ്പറ്ററ്റിക് സെന്ററുകൾ തുടങ്ങിയവയാണ് പി.വി.ടി.ജി പ്രോജക്ടിനായുള്ള ഫണ്ട് ഉപയോഗിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള പദ്ധതികൾ. ഇതോടൊപ്പം സി.സി.ഡി പ്രോജക്ടിന് കീഴിൽ വീട് നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള പദ്ധതി, കാർഷിക ജീവനോപാധി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പി.വി.ടി.ജി പദ്ധതിയിലൂടെ 7 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം, ഏകാദ്ധ്യാപക സ്കൂളുകളിലൂടെ പി.വി.ടി.ജി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം, ഹെൽത്ത് വോളണ്ടിയർമാർ മുഖേന അവശ്യമരുന്നുകളുടെ വിതരണം, പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സഹായത്തോടെ 611 കോളനികളിൽ 2134 മെഡിക്കൽ ക്യാമ്പുകളുടെ സംഘാടനം തുടങ്ങിയവ ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രധാന നേട്ടങ്ങളാണ്. ഗോത്രവിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തു ന്നതിനായും, പോഷകാഹാരക്കുറവ് പരിഹരിക്കു

| | | | |
|---|---|---|---|
| | | | ന്നതിനായും നിശ്ചിത അളവിൽ ഭക്ഷ്യ ധാന്യങ്ങളും, മറ്റും വിതരണം നടത്താൻ കഴിഞ്ഞുവെന്നതാണ് പദ്ധതിയുടെ മറ്റൊരു നേട്ടം. ഈ സ്കീമുകളിലൂടെയെല്ലാം സംസ്ഥാനത്തെ പ്രാക്തന ഗോത്ര വിഭാഗങ്ങളിൽപ്പെട്ട 8101 കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പുരോഗതി

| ക്രമ നമ്പർ | ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | അംബേദ്ക്കർ വികസന പദ്ധതിയിൽ ഏറ്റെടുത്ത കോളനികൾ | പ്രോജക്ടുകളും നിലവിലുള്ള സ്ഥിതിയും: പ്രോജക്ട് | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|
| 1 | നെടുമങ്ങാട് ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | പട്ടൻകുളിച്ച പാറ | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവർത്തികൾ ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. | |
| 2 | | തെന്മല | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. | |
| 3 | | ആലുംമൂട് | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവർത്തികൾ ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. | |
| 4 | | താന്നിമൂട് | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവർത്തികൾ ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. | |
| 5 | | ചെട്ടിയെകൊന്ന കയം | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവർത്തികൾ ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. | |
| 6 | | പള്ളിക്കര-കരിക്കകം | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവർത്തികൾ ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. | |
| 7 | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് പുനലൂർ | പെരുവഴിക്കാല, കുളമ്പി, രണ്ടാംമൈൽ, വട്ടക്കരിക്കകം | പ്രവർത്തികൾ ആരംഭിച്ചിട്ടില്ല | |
| 8 | | അച്ചൻകോവിൽ എസ്.റ്റി. കോളനി | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. | |
| 9 | | കോച്ചരിപ്പ, ഇടപ്പണ, വഞ്ചിയോട് | | |
| 10 | | ചെറുകര, ഇടത്തറ, കല്ല്യാപച്ച | | |
| 11 | ട്രൈബൽ | കൈതക്കര | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് | |

| | | | | |
|---|---|---|---|---|
| 12 | ഡെവലപ്പ്മെന്റ് ഓഫീസ് റാന്നി | കരികുളം | നൽകിയിട്ടുണ്ട്. | |
| 13 | കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കൊമ്പുകുത്തി | പ്രവർത്തികൾ ആരംഭിച്ചിട്ടില്ല<br>മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചു നൽകിയിട്ടുണ്ട്. | |
| 14 | മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | എളംബ്ലാശ്ശേരി | കിണർ നിർമ്മാണം | 3 കിണറുകളുടെ നിർമ്മാണം പൂർത്തിയായി |
| | | | ഭവന പുനരുദ്ധാരണം | പുരോഗമിക്കുന്നു. |
| | | | റോഡ് റിപ്പയർ | |
| | | | അംഗൻവാടി പുനരുദ്ധാരണവും ചുറ്റുമതിലും | പുരോഗമിക്കുന്നു. |
| | | | മുളയുടെ കരകൗശലത്തിനായി വർക്ഷോപ്പ് നിർമ്മാണം | ആരംഭിച്ചിട്ടില്ല. |
| | | | കൃഷി ഉപകരണങ്ങളുടെയും വിത്തുകളുടെയും വിതരണം | ആരംഭിച്ചിട്ടില്ല. |
| | | | കമ്മ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ | ആരംഭിച്ചിട്ടില്ല. |
| | | | ഹെൽത്ത് സർവ്വേയും ഹെൽത്ത് കാർഡുകളുടെയും വിതരണം | ആരംഭിച്ചിട്ടില്ല. |
| 15 | മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | തേര | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | പുരോഗമിക്കുന്നു |
| | | | മുളയുടെ കരകൗശലത്തിനായി വർക്ഷോപ്പ് നിർമ്മാണം | |
| | | | കൃഷി ഉപകരണങ്ങളുടെയും വിത്തുകളുടെയും വിതരണം | |
| | | | ഹെൽത്ത് സർവ്വേയും ഹെൽത്ത് കാർഡുകളുടെയും വിതരണം | |
| | | | കമ്മ്യൂണിറ്റി ഹാൾ ഫർണീച്ചർ, കസേര,3 മേശ,സോളാർ ടി.വി | |
| | | | കമ്മ്യൂണിറ്റി ഹാളിൽ കക്കൂസ് നിർമ്മാണം | |
| | | | കക്കൂസ് നിർമ്മാണം | |
| 16 | മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | പൊങ്ങൻചുവട് | കിണർ നിർമ്മാണം | 5 കിണറുകളുടെ നിർമ്മാണം പൂർത്തിയായി |
| | | | അംഗൻവാടി പുനരുദ്ധാരണം | ആരംഭിച്ചിട്ടില്ല. |
| | | | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | ആരംഭിച്ചിട്ടില്ല. |
| | | | ഭവനം-ഇലക്ട്രിഫിക്കേഷൻ | ആരംഭിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | കൃഷി ഉപകരണങ്ങളുടെ വിതരണം | ആരംഭിച്ചിട്ടില്ല. |
| | | | ഏകാധ്യാപക സ്കൂൾ കെട്ടിട പുനരുദ്ധാരണം | ആരംഭിച്ചിട്ടില്ല. |
| | | | റോഡ് നിർമ്മാണം | ആരംഭിച്ചിട്ടില്ല. |
| | | | അഴുക്ക് ചാൽ നിർമ്മാണം | 50% പൂർത്തിയായി |
| | | | ഹെൽത്ത് സർവ്വേയും ഹെൽത്ത് കാർഡുകളുടെയും വിതരണം | ആരംഭിച്ചിട്ടില്ല. |
| | | | കിണർ നിർമ്മാണം | ആരംഭിച്ചിട്ടില്ല. |
| | | | റോഡ് റിപ്പയർ | ആരംഭിച്ചിട്ടില്ല. |
| 17 | ഇടുക്കി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | അഞ്ചുരുളി | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന്റെ ഫൗണ്ടേഷൻ ജോലി പുരോഗമിച്ചു വരുന്നു. |
| | | | നഴ്സറി സ്കൂൾ കെട്ടിട നവീകരണം | സ്കൂൾ ബിൽഡിംഗ് നവീകരണം ഒഴിവാക്കി പകരം കമ്മ്യൂണിറ്റി ഹാൾ രണ്ട് നിലക്കായി പണിയുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു. |
| | | | സൈറ്റ് ഡെവലപ്മെന്റ് (റോഡ് നിർമ്മാണം) | പൂർത്തീകരിച്ചു. |
| | | | റോഡ് നിർമ്മാണം | റോഡ് കോൺക്രീറ്റ് ആരംഭിച്ചു. |
| 18 | ഇടുക്കി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | മന്നാംകുടി പളിയക്കുടി | ലൈബ്രറി സ്റ്റഡിഹാൾ നിർമ്മാണം | ലൈബ്രറി സ്റ്റഡിഹാൾ കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് ജോലികൾ പുരോഗതിമിച്ചു വരുന്നു. |
| | | | കമ്മ്യൂണിറ്റി ഹാൾ നവീകരണം | കമ്മ്യൂണിറ്റി ഹാൾ നവീകരണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് പൂർത്തീയാക്കിയതിനാൽ പകരം സ്റ്റഡീഹാൾ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| | | | ഫെൻസിംഗ് | ഫെൻസിംഗ് നിർമ്മാണം നടപ്പിലാക്കി വരുന്നു. |
| | | | കുടിവെള്ള പദ്ധതി | പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. |
| 19 | ഇടുക്കി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | തടിയനാൽ | കമ്മ്യൂണിറ്റി ഹാൾ നവീകരണം | ആരംഭിച്ചിട്ടില്ല |
| | | | റോഡ് നിർമ്മാണം | വനം വകുപ്പിന്റെ അനുമതിക്കായി നടപടി |

| | | | | |
|---|---|---|---|---|
| | | | കുടിവെള്ള പദ്ധതി | സ്വീകരിച്ചിട്ടുണ്ട്. |
| 20 | അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കട്ടമടിക്കുടി | കമ്മ്യൂണിറ്റിഹാൾ+ സ്റ്റഡി സെന്റർ കമ്മ്യൂണിറ്റിഹാളിൽ വാട്ടർ സപ്ലൈ+സാനിട്ടറി | മേൽക്കൂര കോൺക്രീറ്റിംഗ് പൂർത്തിയായി |
| | | | റോഡ് കോൺക്രീറ്റ് + കലുങ്ക് | പൂർത്തിയായി |
| | | | ഭവന പുനരുദ്ധാരണം (38 വീടുകൾ) | 18 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. |
| 21 | അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | നെല്ലിപ്പെട്ടിക്കുടി | സാമൂഹ്യപഠനമുറി | പ്രവർത്തി ആരംഭിച്ചു. |
| | | | സാമൂഹ്യപഠനമുറിയിൽ കുടിവെള്ളമെത്തിക്കൽ | പ്രവർത്തി ആരംഭിച്ചിട്ടില്ല. |
| | | | സത്രം നിർമ്മാണം സത്രത്തിൽ കുടിവെള്ളമെത്തിക്കൽ | പ്രവർത്തി ആരംഭിച്ചു. |
| | | | റോഡ് കോൺക്രീറ്റ് (1250 മീ.നീളം) | പൂർത്തിയായി |
| | | | കോളനിയിൽ കുടിവെള്ളമെത്തിക്കൽ | പ്രവർത്തി ആരംഭിച്ചിട്ടില്ല. |
| | | | സാമൂഹ്യപഠനമുറിയിലും,സത്രത്തിലും ഇലക്ട്രിഫിക്കേഷൻ+ സോളാർവാട്ടർഹീറ്റർ | |
| 22 | അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | ആടുവിളന്താൻകുടി | റോഡ് കോൺക്രീറ്റ് (1350 മീ.നീളം)+കൾവർട്ട്+സംരക്ഷണഭിത്തി | പൂർത്തിയായി |
| 23 | അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കുടല്ലാർ കുടി | സാമൂഹ്യപഠനമുറി സാമൂഹ്യപഠനമുറിയിൽ വാട്ടർ സപ്ലൈ+സാനിട്ടറി സാമൂഹ്യപഠനമുറിയിൽ ഇലക്ട്രിഫിക്കേഷൻ സോളാർ വാട്ടർ ഹീറ്റർ തുടങ്ങിയവ | പൂർത്തിയായി |
| | | | വാലായ്മ പുര നിർമ്മാണം വാലായ്മ പുരയിൽ വാട്ടർ സപ്ലൈ+സാനിട്ടറി | |
| | | | റോഡ് കോൺക്രീറ്റ്+ ഫുഡ്പാത്ത് (595 മീ.നീളം) | |
| | | | കുടിവെള്ള പദ്ധതി | |
| 24 | അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | ചമ്പക്കാട്കുടി | കുടിവെള്ള പദ്ധതി | 2 കി.മീ ദൂരത്തിൽ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട് |
| | | | പാലം അറ്റകുറ്റപ്പണി | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | സാമൂഹ്യപഠനമുറി+ ലൈബ്രറി സാമൂഹ്യപഠനമുറിയിൽ വാട്ടർ സപ്ലൈ+ സാനിട്ടറി | |

| | | | | |
|---|---|---|---|---|
| | | | സാമൂഹ്യപഠനമുറിയിൽ ഫർണിച്ചർ പ്രോജക്ട് മറ്റ് സംവിധാനങ്ങൾ<br>സാമൂഹ്യപഠനമുറിയിൽ ഇലക്ട്രിഫിക്കേഷൻ+ സോളാർവാട്ടർഹീറ്റർ | |
| 25 | അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കുറത്തിക്കുടി | കമ്മ്യൂണറ്റിഹാൾ | ആരംഭിച്ചിട്ടില്ല. |
| | | | കമ്മ്യൂണിറ്റിഹാളിൽ വാട്ടർ സപ്ലൈ+സാനിട്ടറി | ആരംഭിച്ചിട്ടില്ല. |
| | | | കമ്മ്യൂണിറ്റിഹാളിൽ ഇലക്ട്രിഫിക്കേഷൻ സോളാർ വാട്ടർ ഹീറ്റർ തുടങ്ങിയവ | ആരംഭിച്ചിട്ടില്ല. |
| | | | റോഡ് കോൺക്രീറ്റ്+ കലുങ്ക് (740 മീ. നീളം) | പൂർത്തിയായി |
| | | | ഭവന പുനരുദ്ധാരണം | 3 വീടുകളുടെ അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്. |
| 26 | അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കോഴിയാളക്കുടി | കമ്മ്യൂണറ്റിഹാൾ | പ്രവർത്തികൾ താമസിയാതെ ആരംഭിക്കുന്നതാണ്. |
| | | | കമ്മ്യൂണിറ്റിഹാളിൽ വാട്ടർ സപ്ലൈ+സാനിട്ടറി | |
| | | | റോഡ് കോൺക്രീറ്റ്+ (1317 മീ. നീളം)+ കൾവർട്ട്+ഡ്രെയിനേജ് | |
| | | | കമ്മ്യൂണിറ്റിഹാളിൽ ഇലക്ട്രിഫിക്കേഷൻ സോളാർ വാട്ടർ ഹീറ്റർ തുടങ്ങിയവ | |
| 27 | അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | സിങ്കുകടി-ചിക്കണാംകുടി ക്ലസ്റ്റർ | മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചു നൽകിയിച്ചുണ്ട് | |
| 28 | ചാലക്കുടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | ആനക്കയം | വീട് പുനരുദ്ധാരണം (18 എണ്ണം) | വീടുകളുടെ റിപ്പയർ പണികൾ പൂർത്തീകരണ ഘട്ടത്തിലാണ്. (പ്രളയവും ഉരുൾപൊട്ടലും കാരണം കോളനി നിവാസികൾ ഒഴിഞ്ഞു പോയതിനാൽ നിർമ്മാണ പ്രവർത്തികൾ നിർത്തി വച്ചിരിക്കുകയാണ്. |
| | | | കുടിവെള്ള പദ്ധതി | |
| | | | കമ്മ്യൂണിറ്റിഹാൾ പുനരുദ്ധാരണം (അംഗൻവാടിക്കുവേണ്ടി) | |
| | | | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | |
| | | | കമ്മ്യൂണിറ്റി ഹാളിന് വേണ്ട ഫർണിച്ചർ+ അംഗൻവാടിയിലേക്കുള്ള കളിപ്പാട്ടം | |
| | | | കമ്മ്യൂണിറ്റിഹാളിനും,അംഗൻവാടിക്കും കുടിവെള്ളവും,ഇലക്ട്രിഫിക്കേഷനും | |
| 29 | ചാലക്കുടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | രണ്ടുകൈ | ക്ഷേത്രക്കുളത്തിനു ചുറ്റുമതിൽ നിർമ്മാണം | • സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു.<br>• കോൺക്രീറ്റ് റോഡ് നിർമ്മാണം 60% |
| | | | കോൺക്രീറ്റ് റോഡ് നിർമ്മാണം(82 മീറ്റർ) | |
| | | | പൊതുകിണറിന് ചുറ്റുമതിൽ | |
| | | | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം. | |

| | | | | |
|---|---|---|---|---|
| | | | ചൂലക്കടവ് തോടിന്റെ സംരക്ഷണ ഭിത്തി | പൂർത്തീകരിച്ചു. |
| | | | ചൂലക്കട് റോഡ് നിർമ്മാണം (300മീറ്റർ) | • പൊതുകിണറിന്റെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചു.<br>• കമ്മ്യൂണിറ്റി ഹാളിന്റെ പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചു.<br>• തോടിന്റെ പണികൾപൂർത്തീകരിച്ചു.<br>• ചൂലക്കട് റോഡ് നിർമ്മാണം പുരോഗമിക്കുന്നു. |
| 30 | ചാലക്കുടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | മാരാകോട് | ശ്മശാനവും ചുറ്റുമതിൽ നിർമ്മാണവും | ശ്മശാനത്തിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചു. ശ്മശാന കെട്ടിടത്തിന്റെ പ്രവർത്തികൾ പൂർത്തീകരിക്കുന്നു. |
| | | | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | റൂഫ് സ്ലാബ് കോൺക്രീറ്റ് ചെയ്തു. |
| | | | കോൺക്രീറ്റ് റോഡ് നിർമ്മാണം(239 മീറ്റർ) | ഒരുറോഡിന്റെ കോൺക്രീറ്റ് വർക്ക് പൂർത്തീകരിച്ചു. മറ്റു റോഡുകളുടെ പണികൾ പുരോഗമിക്കുന്നു. |
| | | | ഡ്രെയ്നേജ് നിർമ്മാണം (20 മീറ്റർ) | പ്രവർത്തി ആരംഭിച്ചിട്ടില്ല. |
| 31 | ചാലക്കുടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | പെരിങ്ങൾകുത്ത് | കോളനിറോഡ് നിർമ്മാണം 395 മീറ്റർ | കോളനി റോഡിന്റെ പണി പൂർത്തീകരിച്ചു. |
| | | | അംഗൻവാടി പുനരുദ്ധാരണം | പൂർത്തീകരിച്ചു. |
| | | | കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു. |
| | | | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | റൂഫ് കോൺക്രീറ്റ് ചെയ്തു. ബ്രിക് വർക്ക് ആരംഭിച്ചു. |
| | | | കമ്മ്യൂണിറ്റിഹാൾ ഇലക്ട്രിഫിക്കേഷൻ | കമ്മ്യൂണിറ്റിഹാൾ നിർമ്മാണത്തിനു ശേഷമേ പ്രവർത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 32 | പാലക്കാട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | അയ്യൻപ്പൊറ്റ | കമ്മ്യൂണിറ്റിഹാൾ റിപ്പയർ | 90% പ്രവൃത്തി പൂർത്തീകരിച്ചു. |
| | | | സൈഡ് പ്രൊട്ടക്ഷൻ | 50% പ്രവൃത്തി പൂർത്തീകരിച്ചു |
| | | | ഭവന പുനരുദ്ധാരണം (2) എണ്ണം<br>ഭവന നിർമ്മാണം(7 എണ്ണം) | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | | കോൺക്രീറ്റ് റോഡ് | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | | തുറന്ന കിണർ നിർമ്മാണം | 90% പ്രവൃത്തി പൂർത്തീകരിച്ചു. |
| | | | ഹെൽത്ത് ന്യൂട്രീഷൻ പ്രോജക്ട് | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 33 | പാലക്കാട് | മുല്ലക്കര | സംരക്ഷണഭിത്തി (അംഗൻവാടി) | പ്രവൃത്തി പൂർത്തീകരിച്ചു |
| | | | ആർ.സി.സി.റോഡ് | പ്രവൃത്തി ആരംഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| | ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | | കുടിവെള്ള പദ്ധതി | 2 കിണർ നിർമ്മാണം പൂർത്തീകരിച്ചു. മറ്റു ജോലികൾ പുരോഗമിച്ചു വരുന്നു. |
| | | | പുല്ലുവെട്ടൽ | പ്രവൃത്തി പൂർത്തീകരിച്ചു |
| | | | കമ്മ്യൂണിറ്റിഹാൾ | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 34 | പാലക്കാട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | മംഗലത്താൻചള്ള | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | 40% പ്രവർത്തികൾ പൂർത്തീകരിച്ചു |
| | | | വീട് പുനരുദ്ധാരണം (ടൈൽ റൂഫ്- 2 എണ്ണം) | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | | വീട് പുനരുദ്ധാരണം | |
| | | | ഭവന നിർമ്മാണം ( 3എണ്ണം) | 90% പ്രവർത്തികൾ പൂർത്തീകരിച്ചു |
| | | | കോൺക്രീറ്റ് റോഡ് | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | | കുടിവെള്ള വിതരണം | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | | കുടിവെള്ള വിതരണം (20 വീടുകളിലേക്ക്)( പൈപ്പ്, ടാപ്പ് ഉൾപ്പെടെ) | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | | കിണർ പുനരുദ്ധാരണം | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 35 | പാലക്കാട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | ചെല്ലങ്കാവ് | കോൺക്രീറ്റ് റോഡ് | 40% പ്രവർത്തികൾ പൂർത്തീകരിച്ചു |
| | | | ഭവനപുനരുദ്ധാരണം | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | ഇലക്ട്രിക് ഫെൻസിംഗ് | പ്രവർത്തി പൂർത്തീകരിച്ചു |
| | | | കമ്മ്യൂണിറ്റിഹാൾ | 40% പ്രവർത്തികൾ പൂർത്തീകരിച്ചു |
| | | | മിനിവാട്ടർ സ്പ്ലൈ | 40% പ്രവർത്തികൾ പൂർത്തീകരിച്ചു |
| | | | തുറന്നകിണർ | |
| | | | കൃഷി | പ്രവർത്തി പൂർത്തീകരിച്ചു |
| | | | ചുറ്റുവേലി | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 36 | പാലക്കാട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | മല്ലൻചള്ള | കിണർ പുനരുദ്ധാരണം+ അരിക് സംരക്ഷണം | 80% പ്രവർത്തികൾ പൂർത്തീകരിച്ചു |
| | | | സംരക്ഷണ ഭിത്തി നിർമ്മാണം | 50% പ്രവർത്തികൾ പൂർത്തീകരിച്ചു |
| | | | റോഡ് കോൺക്രീറ്റ് | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ | |
| | | | കോമ്പൗണ്ട് വാൾ | 60% പ്രവർത്തികൾ പൂർത്തീകരിച്ചു |
| | | | ടോയ്ലറ്റ്ബ്ലോക്ക് | പുരോഗതിയിലാണ് |
| | | | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | ബേസ്മെന്റ് പൂർത്തിയായി |
| 37 | പാലക്കാട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | ചപ്പക്കാട് | കോൺക്രീറ്റ് റോഡ് | പൂർത്തീകരിച്ചു |
| | | | സൈഡ് പ്രൊട്ടക്ഷൻ | പൂർത്തീകരിച്ചു |
| | | | ഹൗസ് റിപ്പയർ | ആരംഭിച്ചിട്ടില്ല |
| | | | കോമ്പൗണ്ട് വാൾ | പുരോഗതിയിലാണ് |
| | | | കമ്മ്യൂണിറ്റിഹാൾ | ബേസ്മെന്റ് പൂർത്തീകരിച്ചു |
| 38 | പാലക്കാട് ട്രൈബൽ ഡെവലപ്പ്മെന്റ് | പാമ്പൻതോട് | കാലവർഷക്കെടുതിയെ തുടർന്ന് ഉരുൾപൊട്ടൽ ഭീഷണി നേരിടുന്നതിനാൽ പ്രവർത്തികൾ നിർത്തി വച്ചിരിക്കുന്നു. | |

| | | | | |
|---|---|---|---|---|
| | ഓഫീസ് | | | |
| 39 | അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | മുത്തിക്കുളം | നടപ്പാത നിർമ്മാണം | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | കോൺക്രീറ്റ് റോഡ് | 410 മീറ്റർ പൂർത്തീകരിച്ചു |
| | | | നടപ്പാലം നിർമ്മാണം | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | എം.ജി.എൽ.സി.കെട്ടിട നിർമ്മാണം | |
| | | | കൃഷി | |
| | | | ട്രെയിനിംഗ് കോഴ്സ് | |
| | | | പാലം നിർമ്മാണം | |
| 40 | അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കള്ളക്കര | ഡ്രെയ്നേജ് | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | വീടുനവീകരണം | 56 വീടുകളിൽ 7 എണ്ണം പൂർത്തിയായി |
| | | | ഊരിൽ കുടിവെള്ള വിതരണം | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | 15 എച്ച്.പി.ഇലക്ട്രിക് മോട്ടോർ | |
| | | | കൃഷിക്ക് ജലസേചനം | |
| | | | കൃഷി ആവശ്യത്തിനുള്ള 15 എച്ച്.പി.ഇലക്ട്രിക്കൽ മോട്ടാർ | |
| 41 | അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | വീട്ടിക്കുണ്ട് | കിണർ പുനരുദ്ധാരണം | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | കുഴൽകിണർ | |
| | | | കോൺക്രീറ്റ് റോഡ് | 410 മീറ്റർ പൂർത്തീയായി |
| | | | ഫെൻസിംഗ് | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 42 | അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | ചിണ്ടക്കിഊര് | ഊര് ശ്മശാനം സംരക്ഷണവേലി നിർമ്മാണം | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | നടപ്പാത നിർമ്മാണം | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| | | | നടപ്പാലം നിർമ്മാണം | |
| | | | തോടിനു കുറുകെ പാലം | പാലത്തിന്റെ നിർമ്മാണം പൂർത്തീയായി |
| | | | ഊരിലേക്ക് സ്റ്റെപ്പ് നിർമ്മാണം | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 43 | അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കാവുണ്ടിക്കൽ | ശ്മശാനത്തിനു ചുറ്റും കമ്പിവേലി നിർമ്മാണം | പ്രവൃത്തി ആരംഭിച്ചിട്ടില്ല.. |
| | | | നടപ്പാതനിർമ്മാണം | റോഡ് മണ്ണ് നിരത്തി ലെവൽ ചെയ്യുന്ന ജോലി പൂർത്തിയായി |
| | | | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | തറപ്പണി പൂർത്തിയായി |
| | | | കുടിവെള്ള പദ്ധതി | 20000 ലിറ്റർ ശേഷിയുള്ള കുടിവെള്ള ടാങ്ക് സ്ഥാപിച്ചു. |
| | | | കൃഷി | |
| 44 | അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | ഭൂതിവഴി ഊര് | ഫെൻസിംഗ് നടപ്പാത് നിർമ്മാണം കൾവർട്ട് നിർമ്മാണം, ശ്മശാനത്തിന് ചുറ്റുമതിൽ കൃഷി കുടിവെള്ള ടാങ്ക് കുടിവെള്ള 15 എച്ച്.പി ഇലക്ട്രിക് മോട്ടോർ ടാങ്കിനുള്ള പ്ലാറ്റ്ഫോം | കുടിവെള്ള ടാങ്ക് (35000 ലിറ്റർ) സ്ഥാപിക്കുന്ന ജോലി പൂർത്തീയായി<br>കിണർ നിർമ്മാണം പൂർത്തീയായി<br>ക്മശാന അതിർത്തി നിർണ്ണയിക്കുന്ന നടപടി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 45 | അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | ഗലസി | ടി കോളനികളെ ഒഴിവാക്കിയിട്ടുണ്ട് | |
| 46 | അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | മേലേതുട്ക്കി | | |
| 47 | അട്ടപ്പാടി ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | താഴേതുട്ക്കി | | |
| 48 | നിലമ്പൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | പാറേക്കടവ്,ഇടിവണ്ണ പട്ടിക വർഗ്ഗ കോളനി | പ്രവർത്തി ആരംഭിച്ചിട്ടില്ല | |
| 49 | നിലമ്പൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കരികുളം തീക്കടി കോളനി, ഉച്ചക്കുളം കോളനി എന്നിവയുടെ ക്ലസ്റ്റർ | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. | |
| 50 | കോഴിക്കോട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | ഓടപ്പൊയ്യിൽ പണിയ കോളനി, മേലെ പൊന്നാങ്കയം കോളനി | <u>**ഓടപ്പൊയിൽ കോളനി**</u><br>ഭവന പുനരുദ്ധാരണം<br>വാട്ടർ ടാങ്ക്<br>പമ്പ് ഹൗസ്<br>കിണർ നിർമ്മാണം<br>ഭവന പുനരുദ്ധാരണം(9 വീടുകൾ)<br>ഇലക്ട്രിഫിക്കേഷൻ<br>പമ്പ് ഹൗസ്- ഇലക്ട്രിഫിക്കേഷൻ<br>പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വർക്സ് | 8 വീടുകളുടെ തറ ലെവലിംഗ് പൂർത്തിയായി<br>8 വീടുകളുടെ തറ പണി പൂർത്തിയായി<br>8 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർത്തിയായി |
| | | | <u>**മേലെ പൊന്നാങ്കയം കോളനി**</u><br>ഭവന പുനരുദ്ധാരണം<br>കുളം ശുചീകരണം- കുടിവെള്ള പദ്ധതി<br>വാട്ടർ ടാങ്ക്<br>പമ്പ് ഹൗസ്<br>ഭവന പുനരുദ്ധാരണം-ഇലക്ട്രിക്കൽ- TYPE A HOUSE<br>ഭവന പുനരുദ്ധാരണം-ഇലക്ട്രിക്കൽ- TYPE B HOUSE<br>ഭവന പുനരുദ്ധാരണം-ഇലക്ട്രിക്കൽ- TYPE C HOUSE<br>പമ്പ് ഹൗസ്- ഇലക്ട്രിഫിക്കേഷൻ<br>പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വർക്സ് | 25 വീടുകളുടെ തറ ലെവലിംഗ് പൂർത്തിയായി<br><br>8 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർത്തിയായി |
| 51 | കോഴിക്കോട് ട്രൈബൽ ഡെവലപ്പ്മെന്റ് | വള്ളുവക്കുന്ന് പണിയ കോളനി | ഭവന പുനരുദ്ധാരണം-7 വീടുകൾ(1 demolition) | 5 വീടുകളുടെ തറ ലെവലിംഗ് പൂർത്തിയായി |

| | | | | |
|---|---|---|---|---|
| | ഓഫീസ് | | ഭവന നിർമ്മാണം -75വീടുകൾ<br>കിണർ നിർമ്മാണം-4 എണ്ണം<br>വാട്ടർ ടാങ്ക്<br>പമ്പ് ഹൗസ്<br>ചുറ്റുമതിൽ നിർമ്മാണം<br>ഭവന പുനരുദ്ധാരണം &ഭവന നിർമ്മാണം-ഇലക്ട്രിഫിക്കേഷൻ<br>പമ്പ് ഹൗസ്-ഇലക്ട്രിഫിക്കേഷൻ<br>CP & സാനിറ്ററി ഫിക്ചേസ്<br>Water supply and sewage | 3 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർത്തിയായി<br>1 പുതിയ വീട് പണി തുടങ്ങി |
| 52 | കോഴിക്കോട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കണ്ടിവാതുക്കൽ, ഇളമ്പ, പൊരുന്തൻ പിലായി | **<u>കണ്ടിവാതുക്കൽ കോളനി</u>**<br>ഭവന പുനരുദ്ധാരണം<br>വയോജന വിശ്രമ കേന്ദ്രം<br>കിണർ സംരക്ഷണ പ്രവർത്തി<br>സ്റ്റേജ്<br>റിക്രിയേഷൻ സെന്റർ<br>സ്റ്റേജ്- ഇലക്ട്രിക്കൽ<br>വയോജന വിശ്രമ കേന്ദ്രം- ഇലക്ട്രിക്കൽ<br>ഭവന പുനരുദ്ധാരണം - ഇലക്ട്രിക്കൽ | 9 വീടുകളുടെ തറ ലെവലിംഗ് പൂർത്തിയായി<br><br>2 വീടുകളുടെ പ്ലാസ്റ്ററിംഗ് തുടങ്ങി |
| | | | **<u>ഇളമ്പ കോളനി</u>**<br>സാംസ്കാരിക നിലയം<br>സാംസ്കാരിക നിലയം - ഇലക്ട്രിക്കൽ<br>പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വർക്സ്<br>പ്ലംബിംഗ് വർക്സ് | റൂഫ് സ്ലാബ് പണി തുടങ്ങി |
| 53 | കോഴിക്കോട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | അടുപ്പിൽ- വാളാംതോട് ക്ലസ്റ്റർ | പ്രവൃത്തി ആരംഭിച്ചിട്ടില്ല<br>പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. | |
| 54 | കോഴിക്കോട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കെട്ടിൽ, മലയങ്ങാട്, ഓടൻ കോട്, കുടിൽപ്പാറ എന്നി കോളനികളുടെ ക്ലസ്റ്റർ | **<u>കുടിൽപാറ കോളനി</u>**<br>ഭവന പുനരുദ്ധാരണം-22 വീടുകൾ<br>ഫൂട്ട് പാത്ത്<br>ഇലക്ട്രിക്കൽ വർക്സ്<br>പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വർക്സ്<br>**<u>കെട്ടിൽ കോളനി</u>**<br>ഭവന പുനരുദ്ധാരണം<br>ചുറ്റുമതിൽ<br>ഇലക്ട്രിക്കൽ വർക്സ് | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | **മാലയങ്ങാട് കോളനി**<br>ചുറ്റുമതിൽ | |
| 55 | കോഴിക്കോട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | നരേന്ദ്രദേവ്, കൊളത്തൂർ ,സീതപ്പാറ, ആലമ്പാറ എന്നീ കോളനികളുടെ ക്ലസ്റ്റർ | **നരേന്ദ്രദേവ് കോളനി**<br>ഭവന നിർമ്മാണം<br>ഇലക്ട്രിക്കൽ വർക്സ്<br>പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വർക്സ്<br>**ആലംപാറ കോളനി**<br>ഭവന പുനരുദ്ധാരണം<br>റോഡ്<br>ഇലക്ട്രിക്കൽ വർക്സ്<br>പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വർക്സ് | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| 56 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | മൈലാടി കോളനി | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട് | |
| 57 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കൈരളി കോളനി | | |
| 58 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കുഴിമുക്ക് പണിയ കോളനി | | |
| 59 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | ഇടിയംവയൽ കോളനി | | |
| 60 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | പഴശ്ശി കോളനി | | |
| 61 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | തുപ്പിരിമൂല കോളനി | | |
| 62 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കുറ്റയം വയൽ കോളനി | | |
| 63 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കൊടുംങ്കായം കോളനി | | |
| 64 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | ശാന്തിനഗർ കോളനി | | |
| 65 | കൽപ്പറ്റ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | അമ്പലച്ചാൻ കോളനി | ഒഴിവാക്കി | |
| 66 | മാനന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | ആലഞ്ചേരി-പുറവഞ്ചേരി-മേച്ചേരി(ക്ലസ്റ്റർ) | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട് | |
| 67 | മാനന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കൂവണക്കുന്ന് കോളനി | പ്രവർത്തികളുടെ DPR ന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട് | |

| | | | |
|---|---|---|---|
| 68 | മാന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കൊന്നിയോട് കോളനി | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട് |
| 69 | മാന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | പടക്കോട്ട്കുന്ന് കോളനി | |
| 70 | മാന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കൈതവള്ളി | |
| 71 | മാന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | പുഴവയൽ | |
| 72 | മാന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | പാലിയണ | |
| 73 | മാന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | ചേകോട് | |
| 74 | മാന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | വീട്ടിയാമ്പറ്റ | |
| 75 | സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | കൊഞ്ചൻപടി കാട്ടുനായിക്ക പണിയ കോളനി | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട് |
| 76 | സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | മുള്ളൻചിറ കോളനി | |
| 77 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | അണുങ്ങോട്ട് ലക്ഷം വീട് | പ്രവർത്തികൾ ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 78 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | വചക്കിനിയില്ലം | |
| 79 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | മേലെമന്ദംചേരി | |
| 80 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കരോത്ത് | |

| | | | | |
|---|---|---|---|---|
| | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | അരിങ്ങോട്ടുംകണ്ടി | | |
| 82 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | അമ്മാറമ്പ് | ഡി.പി.ആർ. ജില്ലാതല പ്രവർത്തക സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. | |
| 83 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | അമ്പലക്കുഴി | | |
| 84 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | ഇല്ലം കോളനി | | |
| 85 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | മാവുംതട്ട് | | |
| 86 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | പട്ടത്തുവയൽ | | |
| 87 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | എയ്യൻകല്ല് | | |
| 88 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | തോപ്പിലായി | | |
| 89 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | കരയത്തുംചാൽ | | |
| 90 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | പെരുവട്ടം | | |
| 91 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | ചെമ്പുവെച്ചമൊട്ട | | |
| 92 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | മൂന്നാംകുറ്റി | | |
| 93 | കണ്ണൂർ ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസ് | ചടച്ചിക്കുണ്ടം | | |
| 94 | കാസർഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | രാമനടുക്കം, ചുള്ളൻക്കല്ല് | വീട് നിർമ്മാണം (4 എണ്ണം)<br>വീട് പുനരുദ്ധാരണം (1)<br>കമ്മ്യൂണിറ്റിഹാൾ<br>നടപ്പാലം(2 എണ്ണം)<br>റോഡ് വർക്ക് (500 മീറ്റർ)<br>പ്ലാറ്റ് ഫോം നിർമ്മാണവും വാട്ടർടാങ്ക് സപ്ലൈ | 4 പുതിയ വീടുകൾ അനുവദിച്ചതിൽ 2 വീടുകൾ ചുമർപൊക്കം പൂർത്തിയായി. റോഡു പ്രവൃത്തിയിൽ കല്ലുങ്ക് പ്രവൃത്തി ആരംഭിച്ചു. പാലം പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 95 | കാസർഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | വെള്ളരിക്കയ | വീട് നിർമ്മാണം (9 എണ്ണം)<br>വീട് പുനരുദ്ധാരണം( 9 എണ്ണം)<br>കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം<br>കമ്മ്യൂണിറ്റിഹാളിന് ഇലക്ട്രിഫിക്കേ | പുതിയ 9 വീടുകളിൽ 7 വീടിന്റെ തറ പൂർത്തിയായി. ചുമർ പണിക്കുള്ള സാധനസാമഗ്രികൾ ഒരുക്കിയിട്ടുണ്ട്. വീട് റിപ്പയർ ആരംഭിച്ചിട്ടില്ല. കമ്മ്യൂണിറ്റിഹാൾ തറ |

| | | | | |
|---|---|---|---|---|
| | | | ഷൻ<br>കമ്മ്യൂണിറ്റിഹാളിന് ഫർണിച്ചർ<br>കിണർ കുഴിക്കൽ<br>സ്വയംതൊഴിൽ- തയ്യൽമെഷീൻ വിതരണം<br>സാനിട്ടേഷൻ | ലെവലിംഗ് പ്രവൃത്തി ആരംഭിച്ചു. 6 വീടുകൾ റിപ്പയർ |
| 96 | കാസർഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | ചീറ്റകോളനി | തുറന്ന കിണർ+ പമ്പ്ഹൗസ്+കുടിവെള്ള വിതരണം<br>കുഴൽകിണർ<br>വീട് പുനരുദ്ധാരണം(1) (7 എണ്ണം )<br>കമ്മ്യൂണിറ്റി ഹാളിന്റെയും ലൈബ്രറിയുടെയും നിർമ്മാണം | 7 വീടുകളുടെയും നവീകരണ പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. 5 വീടുകളുടെയും വീടു നിർമ്മാണം പുരോഗമിച്ചുവരുന്നു. ലൈബ്രറി കം കമ്മ്യൂണിറ്റിഹാൾ പ്രവൃത്തി പുരോഗമിച്ചു വരുന്നു. . കുടിവെള്ള പദ്ധതിയിൽ തുറന്ന കിണർ നിർമ്മിച്ചു. പൈപ്പ് ലൈൻ ആയിട്ടില്ല. ബോർവെൽ കുടിവെള്ള പദ്ധതി പ്രവൃത്തി പുരോഗമിച്ചു വരുന്നു. രണ്ടാം ഗഡു തുക അനുവദിച്ചു നൽകി |
| 97 | കാസർഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | മേക്കോടം | വീട് നിർമ്മാണം (4 എണ്ണം)<br>വീട് പുനരുദ്ധാരണം ( 28 എണ്ണം)<br>വീട് പുനരുദ്ധാരണം (10 എണ്ണം) | 5 വീടുകളിൽ 4 വീടുകൾ റൂഫ് ലെവൽ പണി പൂർത്തിയായി . ഒരു വീട് തറ പൂർത്തിയായി. 16 വീടുകളുടെ റിപ്പയർ പണി പൂർത്തിയായി. രണ്ടാം ഗഡു തുക അനുവദിച്ചു നൽകി |
| 98 | കാസർഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | വളഞ്ഞങ്ങാനം | വീട് നിർമ്മാണം (7 എണ്ണം)<br>വീട് പുനരുദ്ധാരണം ( 12 എണ്ണം)<br>അംഗൻവാടിക്ക് ചുറ്റുമതിൽ<br>തുറന്ന കിണർ നിർമ്മാണം<br>കമ്മ്യൂണിറ്റിഹാൾ നിർമ്മാണം<br>കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ | പുതിയ വീടുകളിൽ 4 എണ്ണം റൂഫ് പണി പൂർത്തിയായി. ഒരു വീടിന്റെ തറ പൂർത്തിയായി. 2 സൈറ്റ് ലെവൽ. 12 വീടുകളിൽ റിപ്പയർ ചെയ്യേണ്ടതിൽ 10 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർത്തിയായി. |
| 99 | കാസർഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | മാവിനക്കട്ട,പെൽത്തടക്ക | വീട് നിർമ്മാണം (10 എണ്ണം)<br>വീട് പുനരുദ്ധാരണം (9 എണ്ണം)<br>കക്കൂസ് നിർമ്മാണം (4 എണ്ണം)<br>കക്കൂസ് റിപ്പയർ (8 എണ്ണം)<br>ചുറ്റുമതിൽ (മാവിനക്കട്ട കോളനി) | 10 പുതിയ വീടുകൾ നിർമ്മിക്കേണ്ടതിൽ 2 വീടുകളുടെ തറ പൂർത്തീകരിച്ചു. 6 വീടുകൾ റിപ്പയർ ചെയ്യേണ്ടതിൽ 3 വീടുകളുടെ റിപ്പയർ പൂർത്തിയായി. ബാക്കി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. രണ്ടാം ഗഡു തുക അനുവദിച്ചു നൽകി |
| 100 | കാസർഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | പീലികുടില് | വീട് നിർമ്മാണം (7)<br>വീട് പുനരുദ്ധാരണം (11)<br>റോഡ് വർക്ക്<br>കുടിവെള്ള പദ്ധതി<br>Drip irrigation for Arecanut | 11 വീടുകൾ റിപ്പയർ ചെയ്യേണ്ടതിൽ 9 വീട് റിപ്പയർ ചെയ്തു. 7 പുതിയ വീടുകളിൽ അനുവദിച്ചതിൽ 6 വീടുകളുടെ പ്രവൃത്തി ചുമർപൊക്കം പൂർത്തിയായി. കമ്മ്യൂണിറ്റിഹാൾ ടോയ്ലെറ്റ് നിർമ്മാണം പണി ആയി. റോഡ് പ്രവൃത്തിആരംഭിച്ചിട്ടില്ല. കുടിവെള്ള പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | പ്രവൃത്തി ആരംഭിച്ചിട്ടില്ല. രണ്ടാം ഗഡു തുക അനുവദിച്ചു നൽകി |
| 16 | കാസർഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | വായിക്കാനം | വീട് നിർമ്മാണം (12 എണ്ണം)<br>വീട് പുനരുദ്ധാരണം( 9 എണ്ണം)<br>അംഗൻവാടിക്ക് ചുറ്റുമതിൽ<br>പാലം അറ്റകുറ്റപ്പണി<br>സാമൂഹ്യപഠനമുറി+ ലൈബ്രറി<br>സാമൂഹ്യപഠനമുറിയിൽ വാട്ടർ സപ്ലൈ+ സാനിട്ടറി<br>സാമൂഹ്യപഠനമുറിയിൽ ഫർണിച്ചർ പ്രോജക്ട് മറ്റ് സംവിധാനങ്ങൾ<br>സാമൂഹ്യപഠനമുറിയിൽ ഇലക്ട്രിഫിക്കേഷൻ+ സോളാർവാട്ടർഹീറ്റർ | 12 പുതിയ വീടുകളിൽ 8 എണ്ണം കോൺക്രീറ്റ പണി പൂർത്തിയായി. 1 ലിന്റൽ ലെവൽ, 1 ബേസ്മെന്റ്, 2 എണ്ണം ലാൻഡ് ലെവൽ ആയി. . 9 വീടുകളിൽ പ്ലാസ്റ്ററിംഗ് പൂർത്തിയായി. |

സെക്ഷൻ ഓഫീസർ